**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 820.** **27.04.2017 ൽ മറുപടിയ്ക്ക്**

**ലഹരിവസ്തുക്കളുടെ വിൽപ്പന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.പി.സി. ജോർജ്** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | വിവിധസ്ഥലങ്ങളിൽ കഞ്ചാവ്, ചരസ്സ് മുതലായ ലഹരിവസ്തുക്കൾ വിറ്റഴിയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരമേറ്റശേഷം മേൽ വിഷയത്തിൽ എത്രകേസുകൾ പിടിച്ചിട്ടുണ്ടെന്നും എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നുമുള്ളതിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 25/05/2016 തീയതി മുതൽ 31/03/2017 തീയതി വരെ കഞ്ചാവ് അടക്കമുള്ള ലഹരിവസ്തുക്കളുമായി ബന്ധപ്പെട്ട് എൻ.ഡി.പി.എസ്. നിയമ പ്രകാരം എക്സൈസ് വകുപ്പ് പിടിച്ചെടുത്തതും രജിസ്റ്റർ ചെയ്തതുമായ കേസുകളുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു. |

| ജില്ല | പിടിച്ചെടുത്തതും രജിസ്റ്റർ ചെയ്തതുമായ എൻ.ഡി.പി.എസ്. കേസുകൾ |
|---|---|
| തിരുവനന്തപുരം | 185 |
| കൊല്ലം | 450 |
| പത്തനംതിട്ട | 196 |
| ആലപ്പുഴ | 243 |
| കോട്ടയം | 336 |
| ഇടുക്കി | 341 |
| എറണാകുളം | 429 |

| | |
|---|---|
| തൃശ്ശൂർ | 309 |
| പാലക്കാട് | 168 |
| മലപ്പുറം | 295 |
| കോഴിക്കോട് | 153 |
| വയനാട് | 154 |
| കണ്ണൂർ | 167 |
| കാസർഗോഡ് | 60 |
| **ആകെ** | **3486** |

| | | | |
|---|---|---|---|
| (സി) | കേരളത്തിൽ നിലനില്ക്കുന്ന വിദേശ മദ്യനയംമൂലമാണോ ലഹരി വസ്തുക്കൾ കൂടുതലായി വിറ്റഴിക്കപ്പെടുന്നത്; വിശദാംശം വെളിപ്പെടുത്തുമോ; | (സി) | സംസ്ഥാനത്ത് ലഹരി വസ്തുക്കളുടെ വിപണനവും ഉപഭോഗവും വർദ്ധിച്ചുവരുന്നത് നിലവിലുള്ള മദ്യനയത്തിന്റെ ഫലമാണ് എന്ന് കരുതുന്നതിനടിസ്ഥാനമായി പഠനങ്ങൾ ഒന്നും നടന്നിട്ടില്ല. എന്നാൽ നിലവിലുള്ള മദ്യനയം നടപ്പിലായ ശേഷം എക്സൈസ് വകുപ്പ് കണ്ടെടുക്കുന്ന എൻ.ഡി.പി.എസ് കേസുകളിൽ വൻവർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2013, 2014 വർഷങ്ങളിൽ യഥാക്രമം 793, 970 എൻ.ഡി.പി.എസ്. കേസുകളാണ് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്യുകയുണ്ടായതെങ്കിൽ, പുതിയ അബ്കാരി നയം നടപ്പിലാക്കിയ ശേഷം 2015, 2016 വർഷങ്ങളിൽ യാഥാക്രമം 1430, 2985 എൻ.ഡി.പി.എസ്. കേസുകളും, 2017 മാർച്ച് മാസം വരെ 1425 എൻ.ഡി.പി.എസ്. കേസുകളുമാണ് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. |
| (ഡി) | കേരളത്തിലെ എല്ലാ മേഖലയിലേയും ആൾക്കാരേയും സംഘടനകളേ | (ഡി) | എല്ലാ വിഭാഗത്തിലെയും ആൾക്കാരുടെ അഭിപ്രായം കണക്കിലെടുത്ത് അവ |

| | | | |
|---|---|---|---|
| | യും രാഷ്ട്രീയ-സാമൂഹ്യ പ്രസ്ഥാനങ്ങ ളേയും ഉൾപ്പെടുത്തി ചർച്ചകൾ നടത്തി വളരെ നല്ലതരത്തിൽ പുതിയ മദ്യനയം ഉണ്ടാക്കുവാൻ സർക്കാർ പദ്ധതിയുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | | പരിശോധിച്ച് മാത്രമായിരിക്കും പുതിയ മദ്യനയം രൂപീകരിക്കുക. |

**സെക്ഷൻ ഓഫീസർ**